# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2774** **10.03.2017-ൽ മറുപടിയ്ക്ക്**

## ദേശീയ വിദ്യാഭ്യാസ നയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി | | പ്രൊഫ: സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കിയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ: | എ) | പുതിയ ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ ഔദ്യോഗികമായ യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല. |
| ബി) | ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതോടൊപ്പം പൊതുവിദ്യാഭ്യാസം സംരക്ഷിക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | ബി) | പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനായി സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പദ്ധതി മിഷൻ മാതൃകയിൽ നടപ്പിലാക്കിവരുന്നു.<br>പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനുവേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനികവത്ക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ ഇവയാണ് 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക, ഹൈസ്കൂൾ - ഹയർസെക്കൻററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികൾ ആക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക, എൽ.പി.യു.പി. ക്ലാസുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വവിദ്യാർത്ഥി സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും. ഇംഗ്ലീഷ് ഭാഷാപഠനത്തിന് പ്രോത്സാഹനം നൽകും. അടുത്ത 2 വർഷംകൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഒരോ ജില്ലയിലും 5 സ്കൂളുകളിൽ ഒന്നാമത്തെ പ്രധാന ഉപഘടക ത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക എന്നിവയാണ്. |
| സി) | പിന്നോക്ക മേഖലകളിൽ മതിയായ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പിന്നോക്കമേഖലകളിൽ മതിയായ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായുള്ള വിവിധ കർമ്മ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ